# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.564 13.01.2021-ൽ മറുപടിക്ക്**

## കൈത്തറി മേഖലയിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.വി.ടി.ബൽറാം | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ലോക്ഡൗൺ മൂലം പ്രതിസന്ധിയിലായ കൈത്തറി മേഖലയെ ഉയർത്തിക്കൊണ്ടുവരുവാൻ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) കോവിഡ്-19 മഹാമാരി മൂലം ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ നെയ്ത്ത് ജോലികൾ പൂർണ്ണമായും നിലയ്ക്കുന്ന അവസ്ഥ ഉണ്ടാകുകയും മെയ് മാസം മുതൽ നെയ്ത്ത് ജോലികൾ വീണ്ടും പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൈത്തറി യൂണിഫോം നെയ്ത്ത് കൂലിയിനത്തിൽ ഏകദേശം 25.97 കോടി രൂപ നെയ്ത്തുകാർക്ക് കോവിഡ് കാലഘട്ടത്തിൽ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. അതുപോലെ സ്കൂൾ യൂണിഫോം പദ്ധതിയ്ക്ക് ആവശ്യമായ നൂലിന്റെ വില 3.51 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ പൊതു / സഹകരണ മേഖലകളിലെ സ്പിന്നിംഗ് മില്ലുകളിൽ നിന്നുമാണ് പദ്ധതിയ്ക്ക് ആവശ്യമായ നൂൽ ലഭ്യമാക്കുന്നത്. ആയത് സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾക്ക് വലിയൊരു ആശ്വാസം ആകുകയും ചെയ്തിട്ടുണ്ട്.<br><br>അസംസ്കൃത വസ്തുവായ പഞ്ഞി വാങ്ങുന്നതിനായി ഈ കോവിഡ് കാലത്ത് സ്പിന്നിംഗ് മില്ലുകൾക്ക് 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>**കൈത്തറി മിത്ര പദ്ധതി**<br>കോവിഡിന്റെ പശ്ചാത്തലത്തിൽ സമഗ്ര കൈത്തറി പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ 200 നെയ്ത്തുകാർ വീതമുള്ള 50 ക്ലസ്റ്റർ/ഗ്രൂപ്പുകളിലായി ആകെ 10000 നെയ്ത്തുകാരെ ഉൾപ്പെടുത്തിക്കൊണ്ട് |

| | | |
|---|---|---|
| | | സാങ്കേതിക/വിപണന/മൂല്യവർദ്ധിത സാദ്ധ്യതകൾ കൂടി പരമാവധി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിടുന്നു.<br>**<u>ഉത്പാദന പ്രചോദന പദ്ധതി</u>**<br>ഉത്പാദന പ്രചോദന പദ്ധതിയിലൂടെ സംസ്ഥാനത്തെ അർഹരായ 13,937 നെയ്ത്തുകാർക്ക് ഈ വർഷം ആകെ 420 ലക്ഷം രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | യുവതലമുറയെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കുവാനായി നടപ്പിലാക്കിയ 'യുവ ഡീലർ പദ്ധതി' പരാജയപ്പെടുവാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) 'യുവ ഡീലർ' എന്ന പദ്ധതി കൈത്തറി മേഖലയിൽ നടപ്പിലാക്കിയിട്ടില്ല. യുവതലമുറയെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കുവാനായി 'യുവവീവ്' പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | 2018 വരെ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് നൽകിയിരുന്ന ഇൻകം സപ്പോർട്ടും പ്രൊഡക്ഷൻ ഇൻസെന്റീവും നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; ഇത് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് നല്കിയിരുന്ന 'ഇൻകം സപ്പോർട്ട്', 'പ്രൊഡക്ഷൻ ഇൻസെന്റീവ്' എന്നീ പദ്ധതികൾ നിർത്തലാക്കിയിട്ടില്ല. പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ 2019-20 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 4.20 കോടി രൂപയും ഇതിനകം അനുവദിച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട് പദ്ധതിയിൽ 2020-21 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപയും ഇതിനകം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സ്കൂൾ യൂണിഫോം നെയ്ത്തു നൽകിയതിന് നിലവിൽ എത്ര കോടി രൂപ കുടിശ്ശികയുണ്ട്; പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നെയ്ത്തുകാർക്ക് 2020 സെപ്റ്റംബർ മാസം വരെയുള്ള കൂലി വിതരണം ചെയ്തിട്ടുണ്ട്. കൂലിയിനത്തിൽ ഒക്ടോബർ മാസം മുതലുള്ള കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**